**2014 മാർച്ച് 11 ാം തീയതി രാവിലെ 10 മണിക്ക് കില കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന കില ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ:**

1. ഡോ.എം.കെ.മുനീർ,
ബഹു പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി — പ്രസിഡണ്ട്
2. ശ്രീ.ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശഭരണവകുപ്പ് — മെമ്പർ
3. ശ്രീ.ജമാൽ മണക്കാടൻ
ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ — മെമ്പർ
4. ശ്രീമതി.സുഹ്റ മമ്പാട്
സെക്രട്ടറി, ജില്ല പഞ്ചായത്ത് അസ്സോസ്സിയേഷൻ — മെമ്പർ
5. അഡ്വ.എം.മണികണ്ഠൻ
പ്രസിഡണ്ട്, ബ്ലോക്ക് പഞ്ചായത്ത് അസ്സോസ്സിയേഷൻ — മെമ്പർ
6. ശ്രീ.പി.ടി മാത്യു
പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത് അസ്സോസ്സിയേഷൻ — മെമ്പർ
7. ശ്രീ. സി.എൻ.ബാബു
ജോയിൻറ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്
(പഞ്ചായത്ത് ഡയറക്റുടെ പ്രതിനിധി)
8. ശ്രീ.ഇ.കെ.പ്രകാശ്
സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
(ധനകാര്യവകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി)
9. ഡോ.പി.പി.ബാലൻ
ഡയറക്ടർ, കില — മെമ്പർ

**ഐറ്റം നമ്പർ : 1**

**5.3.2013–ലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

5.3.2013-ൽ ചേർന്ന ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു

**ഐറ്റം നമ്പർ : 2**

**5.3.2013–ലെ ജനറൽ കൗൺസിൽ യോഗതീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്**

5.3.2013–ൽ ചേർന്ന ജനറൽ കൗൺസിൽ യോഗതീരുമാനങ്ങളിലെടുത്ത നടപടികളെ സംബന്ധിച്ച് കില ഡയറക്ടറുടെ വിശദീകരണത്തിൽ ജനറൽ കൗൺസിൽ സംതൃപ്തി രേഖപ്പെടുത്തി.

**ഐറ്റം നമ്പർ :3**

**ആഡിറ്റ് റിപ്പോർട്ട് 2012–13**

2012-13 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് വിശദമായി പരിശോധിച്ച് അംഗീകരിച്ചു..

**ഐറ്റം നമ്പർ 4**

**2014-15 സാമ്പത്തികവർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്**

2014-15 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ജനറൽ കൗൺസിൽ ചർച്ച ചെയ്തു അംഗീകരിച്ചു.

**ഐറ്റം നമ്പർ :5**

**കിലയുടെ വികസനത്തിനായി കൂടുതൽ സ്ഥലമെടുക്കുന്നത് സംബന്ധിച്ച്**

കിലയുടെ ഭാവിവികസനത്തിനായി 10.5 ഏക്കർ സ്ഥലം എടുക്കുന്നതിന്റെ ആവശ്യകത ജനറൽ കൗൺസിൽ അംഗീകരിച്ചു. കില വികസനത്തിന്റെ വിശദമായ റിപ്പോർട്ട് എക്സിക്യൂട്ടീവ് കൗൺസിൽ മുമ്പാകെ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

ഐറ്റം നമ്പർ :6

**ചെയർമാന്റെ നിർദ്ദേശപ്രകാരം അംഗീകരിച്ച കാര്യങ്ങൾ**

1. വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയുടെ പരിശീലനങ്ങൾ കിലയിൽ നടത്തുന്നതിന് ഒരാൾക്ക് ഒരു ദിവസത്തേക്ക് കുറഞ്ഞ നിരക്ക് 1000/- രൂപയായി നിശ്ചയിച്ചു. എസ്റ്റിമേറ്റ് തുക 100 % അഡ്വാൻസ് സ്വീകരിച്ച് പരിശീലനം നടത്തുവാനും നിർദ്ദേശിച്ചു. സർക്കാർ വകുപ്പുകളുടെ പരിശീലനങ്ങൾക്ക് ആവശ്യമെങ്കിൽ നിരക്കിൽ 10% വരെ ഇളവ് നൽകുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.
2. കിലയിലെ പരിശീലനങ്ങളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന റിസോഴ്സ് പേഴ്സണന് ഒരു സെഷന് 500/- രൂപയും ഒരു ദിവസത്തേക്ക് പരമാവധി 1000/- രൂപ ഹോണറേറിയവും നിശ്ചയിച്ചു. ദേശീയ പരിശീലന പരിപാടികളുടെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന റിസോഴ്സ് പേഴ്സണന് ഒരു സെഷൻ 2000/- രൂപയും അന്തർദേശീയ പരിശീലന പരിപാടികളുടെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന റിസോഴ്സ് പേഴ്സണന് ഒരു സെഷൻ 3000/- രൂപയും ഹോണറേറിയം നിശ്ചയിച്ചു. ദേശീയ പരിശീലന പരിപാടിയുടെ കോർഡിനേറ്റർക്ക് ഒരു ദിവസം 2000/- രൂപയും അന്തർദേശീയ പരിശീലന പരിപാടിയുടെ കോർഡിനേറ്റർക്ക് ഒരു ദിവസം 3000/- രൂപയുമായി ഹോണറേറിയം നിജപ്പെടുത്തി. പരിശീലനങ്ങൾക്ക് വൈദഗ്ദ്ധ്യമുള്ള റിസോഴ്സ് പേഴ്സൺന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തുവാൻ അഭിപ്രായപ്പെട്ടു

   കിലയിലെ വിവിധ വർക്ക്ഷോപ്പുകളിൽ പങ്കെടുക്കുന്ന ഫാക്കൽറ്റികൾക്കും കോർഡിനേറ്റർമാർക്കും ഫെസിലിറ്റേറ്റർമാർക്കും ഒരു ദിവസത്തേക്ക് നിലവിലുള്ള 600/- രൂപ ഹോണറേറിയം നിരക്ക് തുടരുവാൻ നിർദ്ദേശിച്ചു.

## അഡീഷണൽ അജണ്ട

**ഐറ്റം നമ്പർ: 1**

### ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്

**2013-14 സാമ്പത്തികവർഷത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി ഓഡിറ്റ് ഫീസ് 50,000/-രൂപ നിരക്കിൽ M/s. V. Venugopal& Associate എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുവാൻ ജനറൽകൗൺസിൽ തീരുമാനിച്ചു.**

**ഐറ്റം നമ്പർ: 2**

### കില ഡീംഡ് യൂണിവേഴ്സിറ്റി –പദവി സംബന്ധിച്ച്

കിലയ്ക്ക് ഡീംഡ് യുണിവേഴ്സിറ്റി പദവി നൽകുന്നതിലേക്കായി കില സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കിലയെ സംസ്ഥാന യുണിവേഴ്സിറ്റി ആക്കി കോഴ്സുകൾ നടത്തുവാൻ തീരുമാനിച്ചു. ഇതിനുള്ള ഓർഡിനൻസ് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

യോഗം 11.30ന് അവസാനിച്ചു.

പ്രസിഡണ്ട്
ജനറൽ കൗൺസിൽ

Dr. M. K. MUNEER
Minister for Panchayats & Social Justice